Draft #3 of File 17071/AR 22 EXAM/2019/EI 29 Approved by ASSISTANT REGISTRAR XXII (EXAM) on 26-Jul-2019 01:25 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

നിയമ കോഴ്സുകളുടെ പരീക്ഷകളും ഫലപ്രഖ്യാപനവും ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പരീക്ഷാ വിഭാഗം ഐ 29 സെക്ഷൻ**

നമ്പർ. 3579/EI 29/2019/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 27.07.2019

---

പരാമർശം:-ARXXII/LLB/Exams &Results/ 2019 Dated:14.05.2019

**ഉത്തരവ്**

നിയമ കോഴ്സുകളുടെ പരീക്ഷാ നടത്തിപ്പ് വ്യവസ്ഥപ്പെടുത്തി , ചിട്ടപ്പെടുത്തുവാൻ മേൽ പരാമർശ പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബഹു: വൈസ്-ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

1 ) Odd/Even സെമസ്റ്റർ പരീക്ഷകൾ 30 പ്രവൃത്തി ദിവസങ്ങളെ അധികരിക്കാത്തവിധം നിജപ്പെടുത്തുക.

a ) സെപ്റ്റംബർ -ഒക്ടോബർ അഡ്മിഷൻ കോഴ്സുകൾക്ക് ഫെബ്രുവരി -മാർച്ച് മാസങ്ങളിൽ ഒന്നാം സെമസ്റ്റർ പരീക്ഷയും ഒപ്പം തന്നെ S3,S5,S7,S9 പരീക്ഷകളും നടത്തുക .

b )S2,S4,S6,S8,S10 എന്നീ സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ -ഒക്ടോബർ മാസങ്ങളിൽ നടത്തുക

c) മുകളിൽ നിർദ്ദേശിച്ച ഷെഡ്യൂളുകളിൽ തന്നെയാണ് പരീക്ഷ നടത്തുന്നതെന്ന് ഉറപ്പ് വരുത്തുക .

2) മൂല്യനിർണയവും ഫലപ്രഖ്യപനവും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ .

a) പരീക്ഷകൾ പൂർത്തീകരിക്കുന്ന മുറക്ക് തന്നെ വാല്യൂ വേഷൻ ക്യാമ്പ് ആരംഭിക്കുകയും ക്യാമ്പിന്റെ ഭാഗമായി തന്നെ ഡി കോഡിങ് പൂർത്തിയാക്കി മൂന്ന് മാസത്തിനകം ഫലപ്രഖ്യാപനവും നടത്തുക .

b) CBCS മൂല്യനിർണയം നടത്തുന്ന രീതിയിൽ ബന്ധപ്പെട്ട ലോ കോളേജുകൾക്ക് അവധി നൽകി അധ്യാപകർക്ക് പങ്കെടുക്കുവാൻ അവസരം ഉണ്ടാക്കുക .

3) മേൽ പറഞ്ഞ വിധം പരീക്ഷ നടത്തിപ്പും ഫലപ്രഖ്യപനവും സുഗമമാക്കുന്നതിന് താഴെ വിവരിക്കുന്ന നിർദ്ദേശങ്ങളും ,ബഹു: വൈസ്-ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

a) ഒരു LLB സെക്ഷൻ കൂടി ആരംഭിക്കുക

b ) നിലവിലുള്ള സെക്ഷനുകളിൽ 1 :3 അനുപാതത്തിൽ അസിസ്റ്റന്റുമാരെ നിയമിക്കുക .

c) കോഴ്സുകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുക.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

d ) അനുയോജ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റത്തോടുകൂടിയ കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കുക .

4) LLB സെക്ഷനുകൾ സൗകര്യപ്രദമായ രീതിയിൽ ഒരു ഹാളിൽ തന്നെ പ്രവർത്തിപ്പിക്കുകയും ,LLB വിഭാഗത്തിന് ഒരു ക്ലറിക്കൽ അസ്സിസ്റ്റന്റിനെ നിയമിക്കുകയും ചെയ്യുക

5 )സെക്ഷനുകളിൽ സൂക്ഷിച്ചിട്ടുള്ള ടാബുലേഷൻ രജിസ്റ്ററുകൾ കൈകാര്യം ചെയ്യാനാവാത്ത വിധം ജീർണിച്ചതിനാൽ അടിയന്തിരമായി ഡിജിറ്റലൈസ് ചെയ്യുക .

6 ) വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ലോ കോളേജുകളിൽ സർവകലാശാല തലത്തിൽ ബോർഡ് ഓഫ് സ്റ്റഡീസുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തുക .

7 ) LLB കോഴ്സിലെ വിദ്യാർത്ഥികൾ വൻതോതിൽ പുനർ മൂല്യനിർണയത്തിന് അപേക്ഷിക്കുന്നത് കൊണ്ട് മൂല്യനിർണ്ണയം കുറേക്കൂടി സൂക്ഷ്മതയും കൃത്യതയുമുള്ളതാക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക .

8 ) ചെറിയ ഇടവേളകളിൽ അഭിഭാഷക എൻറോൾമെൻറ് നടക്കുന്നതിനാൽ സർവ്വകലാശാല പ്രഖ്യാപിക്കുന്ന ചിട്ടയായ പരീക്ഷ കലണ്ടറിൽ അയവുവരുത്താതിരിക്കുക .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഷിബി വി സി

അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 വൈസ് ചാൻസലർ / പ്രൊ -വൈസ് ചാൻസലർ എന്നിവരുടെ പി .എസ് മാർ
2.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി .എ മാർ
3 .സി .ഇ സെക്ഷൻ /എ. സി.സി സെക്ഷൻ -I/II
4.ലീഗൽ /എക്സാം ലീഗൽ സെക്ഷൻ
5ജെ .ആർ -IV/ ഡി .ആർ VI / എ .ആർ XXII(പരീക്ഷാ വിഭാഗം)
6.ജെ .ആർ -II/ ഡി .ആർ -II (അക്കാദമിക് )
7.എ .ആർ -II/ എ .ആർ -III/ എ .ആർ -IX/ എ .ആർ -XII /എ .ആർ -XX
8.ഇ ഐ -29/ ഇ ഐ -33/ ഇ ഐ -37
9.ഇ .എ -I/ഇ .എ -II/ഇ .ജെ -III
10.ഐ ക്യൂ എ സി /കണ്ടെന്റ് മാനേജ്മെൻറ് സെക്ഷൻ
11.. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

Draft #3 of File 17071/AR 22 EXAM/2019/EI 29 Approved by ASSISTANT REGISTRAR XXII (EXAM) on 26-Jul-2019 01:25 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം